**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3706** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. മിനി ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസിൽ പുതിയതായി ഉൾപ്പെടുത്താനുദ്ദേശിക്കുന്ന മിനിബസുകൾ ഏതെല്ലാം മേഖലകൾക്ക് നൽകണമെന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ വലിയ ബസ്സുകൾ ഓടുന്നതും യാത്രക്കാർ താരതമ്യേന കുറവുള്ളതും എന്നാൽ സാമൂഹിക പ്രതിബദ്ധതയുള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും ഡീസൽ ചെലവ് കുറച്ച് നഷ്ടം കുറയ്ക്കുന്നതിനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം മിനി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. തുടർന്ന് ബസ്സുകൾ നിലവിലില്ലാത്തതും യാത്രാ സൗകര്യം ഇല്ലാത്തതും കൂടുതൽ യാത്രക്കാരെ ലഭിക്കാൻ സാധ്യതയുള്ളതുമായ റൂട്ടുകളിൽ ഇത്തരം ബസ്സുകൾ ലാഭകരമായും ജനോപകാരപ്രദമായും ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരുന്നു. പുതുതായി ലഭ്യമാക്കുന്ന ഇത്തരം ബസ്സുകൾ ഏതൊക്കെ മേഖലകളിൽ നൽകുന്നു എന്ന കാര്യം കൃത്യമായി മേൽ മാനദണ്ഡപ്രകാരം പഠനവിധേയമാക്കി വരികയാണ്. |
| (ബി) | യാത്രാസൗകര്യങ്ങൾ അപര്യാപ്തമായ മലയോരപ്രദേശമായ തിരുവമ്പാടി മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. മിനിബസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സാധ്യതാപഠനം നടത്തി തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ